പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :641

04.02. 2020 ൽ മറുപടിക്ക്

**വൈദ്യുതി മോഷണവും ദുരുപയോഗവും കണ്ടെത്തുന്നതിനായുള്ള സംവിധാനങ്ങൾ**

ചോദ്യം

ശ്രീമതി.പി.അയിഷാ പോറ്റി

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി മോഷണവും ദുരുപയോഗവും കണ്ടെത്തുന്നതിനായി വൈദ്യുതി ബോർഡിൽ നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; | (എ) വൈദ്യുതി മോഷണവും ദുരുപയോഗവും കണ്ടെത്തുന്നതിനായി ചീഫ് വിജിലൻസ് ഓഫീസറുടെ കീഴിൽ ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ എ.പി.റ്റി.എസ് മൂന്ന് മേഖലകളിലായും (സൗത്ത്, സെൻട്രൽ, നോർത്ത്), എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കീഴിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലുള്ള ജില്ലാതല സ്ക്വാഡുകൾ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നു. ഉദ്യോഗസ്ഥർ അവർക്കു ലഭ്യമാകുന്ന പരാതികളുടെ അടിസ്ഥാനത്തിലും അല്ലാതെയും നിർദ്ദിഷ്ട സ്ഥലങ്ങളിൽ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചു പരിശോധന നടത്തി മോഷണം കണ്ടുപിടിക്കുന്നു. കൂടാതെ എല്ലാ മാസവും ചീഫ് വിജിലൻസ് ഓഫീസറുടെ നിർദ്ദേശ പ്രകാരം പ്രത്യേക ഗ്രൂപ്പുകളായി മറ്റു ജില്ലകൾ കേന്ദ്രീകരിച്ച് പരിശോധന നടത്തി ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്യുന്നു. എല്ലാ ജില്ലകളിലും മീറ്റർ റീഡർമാർക്ക് വൈദ്യുതി മോഷണം കണ്ടെത്തുന്നതിനും തടയുന്നതിനുമുള്ള അവബോധ ക്ലാസ്സുകൾ ചീഫ് വിജിലൻസ് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ നടത്തുകയും നല്ല പ്രവർത്തനം കാഴ്ച വച്ച മീറ്റർ റീഡർമാർക്കും ജീവനക്കാർക്കും പ്രോത്സാഹനം നൽകുകയും ചെയ്യുന്നു. വൈദ്യുതി മോഷണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ അറിയിക്കുന്നതിനായി ബന്ധപ്പെട്ട ഓഫീസുകളുടെ ടെലിഫോൺ നമ്പറുകൾ സെക്ഷൻ ഓഫീസുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ പത്രമാധ്യമങ്ങൾ മുഖേന വൈദ്യുതി മോഷണം സംബന്ധിച്ച് പൊതുജനങ്ങൾക്ക് വിവരങ്ങൾ അറിയിക്കുന്നതിനുള്ള ബന്ധപ്പെട്ട ഓഫീസുകളുടെ നമ്പരുകൾ പ്രസിദ്ധപ്പെടുത്തി പ്രചാരം നൽകുന്നുണ്ട്. വൈദ്യുതി മോഷണം അറിയിക്കുന്ന സാധാരണ ജനങ്ങൾക്ക് അവരുടെ പേര് വെളിപ്പെടുത്താതെ തന്നെ പാരിതോഷികം നൽകുകയും ചെയ്യുന്നുണ്ട്. |
| (ബി) വൈദ്യുതി മോഷണവും ദുരുപയോഗം എന്നിവയ്ക്ക് പിഴ ചുമത്തിയ ഇനത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ എത്ര തുക ശേഖരിച്ചിട്ടുണ്ട്; | (ബി) വൈദ്യുതി മോഷണം, ദുരുപയോഗം എന്നിവയ്ക്ക് പിഴ ചുമത്തിയ ഇനത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ എ.പി.റ്റി.എസിന്റെ കീഴിൽ മൊത്തം 73,71,69,691/- രൂപ(എഴുപത്തിമൂന്ന് കോടി എഴുപത്തി ഒന്ന് ലക്ഷത്തി അറുപത്തിയൊൻപതിനായിരത്തി അറുനൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപ മാത്രം) ശേഖരിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി)പ്രസ്തുത തുകയുടെ കണക്ക് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ? | (സി) തിരുവനന്തപുരം - ₹5,07,13,026/-<br>കൊല്ലം - ₹10,03,96,496/-<br>ആലപ്പുഴ - ₹4,58,84,183/-<br>കോട്ടയം - ₹4,34,59,768/-<br>പത്തനംതിട്ട - ₹1,70,68,211/-<br>എറണാകുളം - ₹7,29,20,261/-<br>തൃശ്ശൂർ - ₹4,20,28,109/-<br>ഇടുക്കി - ₹4,48,52,492/-<br>പാലക്കാട് - ₹3,43,40,878/-<br>മലപ്പുറം - ₹8,16,63,230/-<br>കോഴിക്കോട് - ₹6,84,13,778/-<br>വയനാട് - ₹3,94,55,007/-<br>കണ്ണൂർ - ₹4,41,80,173/-<br>കാസർഗോഡ് - ₹5,17,94,079/-<br>**₹73,71,69,691/-** |

സെക്ഷൻ ഓഫീസർ